# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4376 | 04.02.2014 ൽ മറുപടിക്ക് |

**അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് ഹയർസെക്കന്ററി ഡയറക്ടറുടെ സർക്കുലർ**

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ.എം.എ.ബേബി | ശ്രീ. പി. കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് ഹയർ സെക്കന്ററി ഡയറക്ടർ പുറപ്പെടുവിച്ച സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കുമോ; | പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | സർക്കുലർ പുറപ്പെടുവിച്ചതിനെ തുടർന്ന് സർക്കാരിൽ നിന്നും ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെടുകയുണ്ടായോ; ലഭിച്ച വിശദീകരണത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | സർക്കാരിൽ നിന്നും വിശദീകരണം ആവശ്യപ്പെടുകയുണ്ടായില്ല. ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ സ്വമേധയാ വിശദീകരണം സർക്കാരിന് നൽകുകയായിരുന്നു. ടി വിശദീകരണത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (സി) | മാനേജ്മെന്റുകളുടെ സമ്മർദ്ദത്തെ തുടർന്ന് സർക്കാർ, സർക്കുലറിലെ ഏതെല്ലാം വ്യവസ്ഥകളിൽ മാറ്റം വരുത്തുകയുണ്ടായി; വിശദമാക്കാമോ; | അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച സർക്കുലറിനെതിരെ ഹയർ സെക്കന്ററി സ്കൂൾ മാനേജേഴ്സ് അസോസിയേഷനും ചില കോർപ്പറേറ്റ് മാനേജ്മെന്റുകളും സർക്കാർ മുമ്പാകെ നിവേദനം സമർപ്പിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 19.08.2013ലെ സർക്കാർ ഉത്തരവ് (കൈ)230/2013/പൊ.വി.വ നമ്പർ പ്രകാരം, ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച സർക്കുലർ കൂടുതൽ ചർച്ചക്ക് വിധേയമാക്കുവാനും അതുവരെ, 29.07.2004ൽ എസിഡി.ബി1/15819/എച്ച്.എസ്.ഇ/2002 നമ്പർ സർക്കുലറിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം അദ്ധ്യാപക തസ്തികകളിലേക്ക് ഇന്റർവ്യൂ നടത്തി, ബന്ധപ്പെട്ട സ്പെഷ്യൽ റൂൾസ് അനുസരിച്ച് നിയമനം നടത്തുവാനും സർക്കാർ ഉത്തരവാകുകയുണ്ടായി. |

| | | |
|---|---|---|
| (ഡി) | അദ്ധ്യാപക നിയമനത്തിൽ മാനേജ്മെന്റുകൾ ലക്ഷക്കണക്കിന് രൂപ കൈക്കൂലി വാങ്ങിക്കൊണ്ടിരിക്കുന്നതായ ആക്ഷേപങ്ങൾ നിലനിൽക്കെ, ഇത് തടയാൻ ഡയറക്ടർ സ്വീകരിച്ച നടപടികൾക്ക് സർക്കാർ പിന്തുണ നൽകാതിരുന്നത് എന്തുകൊണ്ടാണ്? | അദ്ധ്യാപക നിയമനങ്ങളിൽ മാനേജ്മെന്റുകൾ കൈക്കൂലി വാങ്ങുന്നത് സംബന്ധിച്ച് തെളിവുകളൊന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം

നം.എ സി.ഡി.സി.1/9000/2013/എച്ച്.എസ്.ഇ

തീയതി : 18/07/2013

# സർക്കുലർ

വിഷയം : ഹയർ സെക്കന്ററി വിദ്യാഭ്യാസം എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലെ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും തസ്തികകളിൽ നിയമനം നടത്തുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന : 1. G.O(P) No. 331/01/Gl.Edn. dtd. 09/11/2001.
2. G.O(Ms) No. 192/05/Gl.Edn. dtd. 23/06/2005.
3. G.O(P) No. 38/05/Gl.Edn. dtd. 04/02/2005.

സംസ്ഥാനത്തെ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപക/അദ്ധ്യാപകേതര നിയമനവും നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് ആക്ഷേപങ്ങളും, തുടർന്ന് കോടതി നടപടികളും ഉണ്ടായ സാഹചര്യത്തിൽ നിയമനവും, നിയമനാംഗീകാരവും സുതാര്യവും, കുറ്റമറ്റതുമാക്കേണ്ടതിന്റെ ആവശ്യകത അനിവാര്യമായിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലെ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും നിലവിൽ ഒഴിവുള്ളതോ ഇനി പുതുതായി സൃഷ്ടിക്കപ്പെടുന്നതോ ആയ തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ നടത്തുന്നതിനായി താഴെ ചേർത്തിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. തസ്തിക സൃഷ്ടിച്ചിട്ടുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ പുറപ്പെടുവിക്കുന്ന തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം മാത്രമേ മാനേജർമാർ സ്ഥിരനിയമനനടപടികൾ കൈക്കൊള്ളുവാൻ പാടുള്ളൂ.

2. ബന്ധപ്പെട്ട സ്കൂൾ മാനേജർമാർ, അദ്ധ്യാപക തസ്തിക ഒഴിവ് സംബന്ധിച്ച് സംസ്ഥാനത്തുടനീളം പ്രചാരമുള്ള കുറഞ്ഞത് രണ്ട് ദിനപത്രങ്ങളിൽ എങ്കിലും, എല്ലാ ജില്ലാ എഡിഷനുകളിലും വരത്തക്കവിധവും ഉദ്യോഗാർത്ഥിക ളുടെ ശ്രദ്ധയിൽപ്പെടുംവിധവും പരസ്യം നൽകേണ്ടതാണ്. ഒഴിവ് സംബന്ധിച്ച അറിയിപ്പ് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് നോട്ടീസ് ബോർഡുകളിൽ ബന്ധപ്പെട്ട അധികൃതരുടെ അനുവാദത്തോടെ പ്രദർശിപ്പിക്കേ ണ്ടതാണ്.

3. ഉദ്യോഗാർത്ഥികൾക്ക് അപേക്ഷ നൽകുന്നതിന് പത്രത്തിൽ പരസ്യം വന്നദി വസം മുതൽ കുറഞ്ഞത് 15 ദിവസം സമയം നൽകേണ്ടതാണ്.

4. ഉദ്യോഗാർത്ഥികൾക്ക് അപേക്ഷ സ്വീകരിച്ചതിനുള്ള രസീത് നൽകേണ്ടതും നിശ്ചിതയോഗ്യതയുള്ള എല്ലാ ഉദ്യോഗാർത്ഥികൾക്കും അഭിമുഖത്തിൽ പങ്കെടു ക്കുന്നതിന്, അക്നോളജ്മെന്റോടുകൂടി രജിസ്റ്റേർഡ് തപാലിൽ അറിയിപ്പ് നൽകേണ്ടതുമാണ്. അപേക്ഷകർക്ക് അഭിമുഖത്തിൽ പങ്കെടുക്കുന്നതിന് ആവ ശ്യമായ ചുരുങ്ങിയ സമയം (കുറഞ്ഞത് 7 ദിവസം) അനുവദിക്കേണ്ടതും മേൽ പ്രക്രിയകൾ സമയക്രമമനുസരിച്ച് രേഖപ്പെടുത്തിയ പ്രത്യേക രജിസ്റ്റർ സൂക്ഷി ക്കേണ്ടതുമാണ്. ഉദ്യോഗാർത്ഥികൾക്ക് അറിയിപ്പുനൽകുന്നതിന് e-mail, SMS സംവിധാനങ്ങളും ഇതോടൊപ്പം ഉപയോഗിക്കാവുന്നതാണ്. ഒരു തസ്തികയി ലേയ്ക്ക് കേരള എഡ്യൂക്കേഷൻ റൂളിൽ (KER) നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത യോഗ്യതയുള്ള അപേക്ഷകർ മൂന്നിൽ കുറവാണെങ്കിൽ പ്രസ്തുത തസ്തിക യ്ക്കുവേണ്ടി പുനർപരസ്യം നൽകേണ്ടതും മേൽപറഞ്ഞ നിബന്ധനകൾ പാലി ച്ചുകൊണ്ട് അപേക്ഷകൾ സ്വീകരിച്ച് ഇന്റർവ്യൂ അറിയിപ്പ് നൽകേണ്ടതുമാണ്. പുനർ പരസ്യപ്രകാരവും യോഗ്യരായ അപേക്ഷകർ മൂന്നിൽ കുറവായിരി ക്കുന്നപക്ഷം ഒഴിവുസംബന്ധിച്ച വിവരം ഹയർ സെക്കന്ററി ഡയറക്ടറെ

രേഖാമൂലം അറിയിക്കേണ്ടതും അതിൻപ്രകാരം ഒഴിവ് വിവരം ഹയർ സെക്കന്ററി പോർട്ടൽ/പത്രക്കുറിപ്പ് വഴിയായി പ്രസിദ്ധപ്പെടുത്തുന്നതുമാണ്. അതിനുശേഷം ലഭിക്കുന്ന അപേക്ഷ/അപേക്ഷകൾ മേൽപ്പറഞ്ഞ രീതിയിൽ പരിഗണിച്ച് ഇന്റർവ്യൂ നടത്തേണ്ടതുമാണ്.

5. മാനേജർ അല്ലെങ്കിൽ മാനേജരുടെ നോമിനി, സ്കൂൾ പ്രിൻസിപ്പൽ, സർക്കാർ പ്രതിനിധി എന്നിവർ ഉൾപ്പെടുന്ന ഇന്റർവ്യൂ ബോർഡ് ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂ ചെയ്യേണ്ടതാണ്. ഇന്റർവ്യൂവിന് നിർദ്ദിഷ്ട യോഗ്യതനേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ മാത്രമേ പങ്കെടുപ്പിക്കുവാൻ പാടുള്ളൂ. ഇപ്രകാരം ഇന്റർവ്യൂ നടത്തി മെരിറ്റടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. ഇപ്രകാരം തയ്യാറാക്കിയ റാങ്ക്ലിസ്റ്റ്, ഉദ്യോഗാർത്ഥികൾക്ക് ലഭിച്ച മാർക്ക്സഹിതം ഇന്റർവ്യൂ ദിവസംതന്നെയോ തൊട്ടടുത്ത ദിവസമോ സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്. ഇന്റർവ്യൂ നടത്തി റാങ്ക്ലിസ്റ്റ് തയ്യാറാക്കുന്നത് താഴെപറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചായിരിക്കണം. അപേക്ഷകന്റെ അക്കാഡമിക മികവിനും പാഠ്യേതര പ്രവർത്തനങ്ങൾക്കും അഭിമുഖ വിലയിരുത്തലിനും താഴപ്പറയുന്ന രീതിയിൽ വെയിറ്റേജ് നൽകേണ്ടതാണ്. പരമാവധി സ്കോർ ഇംഗ്ലീഷ്/കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് വിഷയങ്ങൾക്ക് 80 ഉം മറ്റുവിഷയങ്ങൾക്ക് 75 ഉം ആയി നിജപ്പെടുത്തണം.

| Sl. No. | QUALIFICATION | SCORE | |
|---|---|---|---|
| 1 | P.G | I Class<br>II Class | 20<br>15 |
| 2 | B.Ed | I Class<br>II Class | 10<br>5 |
| 3 | SET/SLET/JRF/NET/M.Ed/M.Phil | | 5 |

| | | | |
|---|---|---|---|
| 4 | Ph D in the subject concerned | | 10 |
| 5 | Approved teaching experience at recognized colleges or Higher Secondary Schools (1 Mark/Completed Year) | 5 (Max) | 5 |
| 6 | Same subject for graduation and post graduation | | 5 |
| 7 | Achievements in Sports/Games (State Level participation or above) **OR** Achievement Certificates in Fine Arts/ Literary field/Drama at College or University level (State participation/Inter University participation) **OR** NSS (Participation in National level camp)/NCC (B or C Certificate)/Presidential Award holders of Scout and Guides. | | 5 |
| 8 | Published Work in National/Inter National Journals | | 5 |
| 9 | Performance in the Interview | | 10 |
| 10 | PGDTE (For Interview to the post of Teachers in English/Communicative English) | | 5 |

6. ഉദ്യോഗാർത്ഥികൾക്ക് ആകെ ലഭിച്ച സ്കോറിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക്ലിസ്റ്റിൽ നിന്നും നിയമനാധികാരിയായ മാനേജർ റാങ്ക് ക്രമത്തിൽ നിയമനം നടത്തേണ്ടതാണ്. ഓരോ വിഷയത്തിനും പ്രത്യേക റാങ്ക് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.

7. എച്ച്.എസ്.എസ്.റ്റി തസ്തികകളിലെ ഒഴിവുകൾ പ്രസ്തുത മാനേജ്മെന്റിന്റെ/കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള അതത് വിഷയത്തിൽ യോഗ്യരായ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) മാരിൽ നിന്ന് KER Chapter 32 നിബന്ധനകൾക്ക് വിധേയമായി തസ്തികമാറ്റം വഴി നികത്തേണ്ടതാണ്. അപ്ര

കാരം നികത്തുന്നതിന് യോഗ്യരായ ജൂനിയർ അദ്ധ്യാപകരുടെ അഭാവത്തിൽ ഒഴിവുള്ള എച്ച്.എസ്.എസ്.റ്റി തസ്തികകൾ നിശ്ചിതയോഗ്യതയുള്ള എച്ച്.എസ്.എ/യു.പി.എസ്.എ/എൽ.പി.എസ്.എ മാരുടെ തസ്തികമാറ്റംവഴിയും നേരിട്ടും യഥാക്രമം 1:3 എന്ന അനുപാതത്തിൽ, KER Chapter 32 ൽ വ്യവസ്ഥപ്പെടുത്തിയിരിക്കുന്ന പ്രകാരം നികത്തേണ്ടതാണ് (ആദ്യത്തെ തസ്തിക, തസ്തികമാറ്റംവഴി, അടുത്ത മൂന്ന് തസ്തികകൾ നേരിട്ട് അടുത്ത തസ്തിക വീണ്ടും തസ്തികമാറ്റംവഴി എന്നിങ്ങനെയുള്ള ക്രമത്തിൽ ആയിരിക്കണം എച്ച്.എസ്.എസ്.റ്റി തസ്തികകളിലെ ഒഴിവുകൾ നികത്തേണ്ടത്). ആകെയുള്ള എച്ച്.എസ്.എസ്.റ്റി (ജൂനിയർ) തസ്തികകളുടെ 25% ത്തിൽ നിശ്ചിത യോഗ്യതയുള്ള എച്ച്.എസ്.എ/യു.പി.എസ്.എ/എൽ.പി.എസ്.എ മാർക്ക്, KER വ്യവസ്ഥക്കനുസൃതമായി, തസ്തികമാറ്റം വഴിനിയമനം നൽകേണ്ടതാണ്. തസ്തികമാറ്റം വഴിയുള്ള നിയമനത്തിനുശേഷം മാത്രമേ നേരിട്ടുള്ള നിയമനം നടത്തുവാൻ പാടുള്ളൂ (തസ്തികകളുടെ 25% കണക്കാക്കുമ്പോൾ ദശാംശം വരുകയാണെങ്കിൽ അടുത്ത പൂർണ്ണസംഖ്യയായി കണക്കാക്കേണ്ടതാണ്. ഉദാഹരണത്തിന് മൊത്തം തസ്തികകൾ 5 ആണെങ്കിൽ 25% ശതമാനമായ 1.25 എന്നത് 2 ആയി കണക്കാക്കി തസ്തികമാറ്റം വഴി നിയമനം നടത്തേണ്ടതാണ്.). മേൽപറഞ്ഞ രീതിയിൽ യോഗ്യതയുള്ള എച്ച്.എസ്.എ/യു.പി.എസ്.എ/എൽ.പി.എസ്.എ മാർക്ക് തസ്തികമാറ്റംവഴി നിയമനം നൽകുന്നുണ്ട് എന്ന് ബന്ധപ്പെട്ട മാനേജർ/കോർപ്പറേറ്റ് മാനേജർ ഉറപ്പാക്കേണ്ടതാണ്. ഇപ്രകാരം തസ്തികമാറ്റംവഴി നിയമനം നൽകുന്നതിന് ടി മാനേജ്മെന്റിന്റെ/കോർപറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള എല്ലാ റഗുലർ എച്ച്.എസ്.എ/യു.പി.എസ്.എ/എൽ.പി.എസ്.എ മാരുടെയും വിദ്യാഭ്യാസ യോഗ്യതകൾ ഉൾപ്പെടെ രേഖപ്പെടുത്തിയതും ഡി.ഇ.ഒ/ഡി.പി.ഐ അംഗീകരിച്ചതുമായ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാ

ക്കേണ്ടതാണ്. അതുപോലെ ടി മാനേജ്മെന്റിന്റെ/കോർപറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള എല്ലാ എച്ച്.എസ്.എസ്.റ്റി ജുനിയർമാരുടേയും വിഷയം തിരിച്ച്, വിദ്യാഭ്യാസ, സർവ്വീസ് യോഗ്യതകൾ രേഖപ്പെടുത്തിയതും ആർ.ഡി.ഡി അംഗീകരിച്ചതുമായ സീനിയോറിറ്റി ലിസ്റ്റും തയ്യാറാക്കിയിരിക്കണം. സീനിയോറിറ്റി കണക്കാക്കുന്നത് തസ്തിക/കൾ നിലവിൽ വന്ന തീയതി അടിസ്ഥാനപ്പെടുത്തിയാകണം.

8. പുതിയ നിയമനങ്ങൾ/നിശ്ചിതയോഗ്യതുള്ള ജൂനിയർ അദ്ധ്യാപകരെ അപ്ഗ്രേഡ് ചെയ്തത് അംഗീകരിക്കുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട സ്കൂൾ മാനേജർമാർ നിശ്ചിതമാതൃകയിൽ മതിയായ രേഖകൾ സഹിതം നിയമനം/അപ്ഗ്രഡേഷൻ നടത്തി 15 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിൽ സമർപ്പിക്കേണ്ടതാണ്.

9. ലാബ് അസിസ്റ്റന്റ് തസ്തികകളിൽ ആദ്യത്തേത് KER വ്യവസ്ഥകൾക്കനുസൃതമായി നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്ന് നേരിട്ട് നിയമനം നടത്താവുന്നതും രണ്ടാമത്തേത് പ്രസ്തുതമാനേജ്മെന്റിന്റെ കീഴിൽ ജോലിചെയ്യുന്ന നിശ്ചിതയോഗ്യതയുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽനിന്ന് തസ്തികമാറ്റംവഴി നടത്തേണ്ടതുമാണ്. തസ്തികമാറ്റംവഴി നിയമനം നടത്തുന്നതിന് നിശ്ചിതയോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പ്രസ്തുത തസ്തികയിലും നേരിട്ടുള്ള നിയമനം നടത്താവുന്നതാണ്.

10. അദ്ധ്യാപക/അനദ്ധ്യാപക നിയമന പ്രക്രിയയെപ്പറ്റിയുള്ള പരാതികൾ ഉള്ള പക്ഷം നിയമനത്തിനായുള്ള അന്തിമറാങ്ക് ലിസ്റ്റ് സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ച് 15 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട ആർ.ഡി.ഡി മാർക്ക് സമർപ്പിക്കാവുന്നതാണ്. ആർ.ഡി.ഡി യുടെ തീർപ്പിൽ പരാതിയുള്ളപക്ഷം 15 ദിവസത്തിനുള്ളിൽ അപ്പീൽഅപേക്ഷ ഹയർ സെക്കന്ററി ഡയറക്ടർക്കു സമർപ്പിച്ചിതി

ക്കണം. പരാതിയിലെ അന്തിമതീർപ്പിന് വിധേയമായിട്ടായിരിക്കും നിയമനാംഗീകാരം നൽകുക.

നിയമനങ്ങൾ നടത്തുമ്പോൾ മേൽപ്പറഞ്ഞ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടേണ്ടതാണ്. ഇപ്രകാരം വ്യവസ്ഥാപിതമായും KER വ്യവസ്ഥകൾക്കനുസൃതമായും നടത്തപ്പെട്ടിട്ടുള്ള നിയമനങ്ങൾക്കുമാത്രമേ അംഗീകാരം നൽകപ്പെടുന്നുള്ളു എന്ന കാര്യം ബന്ധപ്പെട്ട ആർ.ഡി.ഡി മാർ ഉറപ്പാക്കേണ്ടതാണ്.

ഡയറക്ടർ

പകർപ്പ്:

1. എല്ലാ എയ്ഡഡ് സ്കൂൾ പ്രിൻസിപ്പാൾ
2. എല്ലാ എയ്ഡഡ് സ്കൂൾ മാനേജർമാർക്കും (അതാത് സ്കൂൾ പ്രിൻസിപ്പൽ മുഖാന്തിരം)
3. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ തിരുവനന്തപുരം/എറണാകുളം/കോഴിക്കോട്
4. അക്കാദമിക് (എ, ബി സെക്ഷൻ)
5. സി.എ ടു അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
6. സി.എ ടു ഫിനാൻസ് ഓഫീസർ
7. ഫയൽ കോപ്പി

ഭരണഭാഷ-മാതൃഭാഷ

ഹയർ സെക്കന്ററി ഡയറക്ടറുടെ
ഓഫീസ്, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

എസിഡി.സി1/9000/2013/എച്ച്.എസ്.ഇ

തീയതി : 22.07.2013

ഡയറക്ടർ

സെക്രട്ടറി,
പൊതുവിദ്യാഭ്യാസ വകുപ്പ്,
ഗവൺമെന്റ് സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.

സർ,

വിഷയം : എയ്ഡഡ് ഹയർസെക്കന്ററി സ്കൂൾ നിയമനം - സർക്കുലർ - വിശദീകരണം നൽകുന്നത് സംബന്ധിച്ച് -

സൂചന : 1 സർക്കുലർ നമ്പർ എസിഡി.സി1/9000/2013/എച്ച്.എസ്.ഇ തീയതി 18.07.2013

2 ഇതേ സർക്കുലർ നമ്പർ തീയതി 19.07.2013

മേൽ സൂചിപ്പിച്ച സർക്കുലറിനെ സംബന്ധിച്ച് ധാരാളം പത്രവാർത്തകളും വിമർശനങ്ങളും വന്നിരിക്കുന്ന സാഹചര്യത്തിൽ ഇതു സംബന്ധമായി താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

എയിഡഡ് സ്കൂൾ നിയമനങ്ങളുമായി ബന്ധപ്പെട്ട് അനവധി പരാതികൾ ലഭിക്കുന്നുണ്ട്. ഇതു സംബന്ധമായി പല സ്കൂളുകളുടെയും നിയമന രേഖകൾ പരിശോധിച്ചതിൽ താഴെപറയുന്ന ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

1. സർക്കാർ തലത്തിൽ തസ്തിക സൃഷ്ടിച്ച് ഉത്തരവാകുന്നതുവരെയുള്ള കാലയളവിൽ ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള അനുമതി മാത്രം നൽകിയിരുന്ന സന്ദർഭങ്ങളിൽ, മാനേജർമാർ സൃഷ്ടിച്ചിട്ടില്ലാത്ത തസ്തികകളിലേയ്ക്ക് പത്രപ്പരസ്യം വഴി അപേക്ഷ ക്ഷണിച്ച് നിയമനപ്രക്രിയകൾ ആരംഭിച്ചതായി കാണുന്നു.

2. സർക്കാർ നോമിനി ഉൾപ്പെടുന്ന സെലക്ഷൻകമ്മിറ്റി, സൃഷ്ടിക്കപ്പെടാത്ത തസ്തികകളിലേയ്ക്ക് ഇന്റർവ്യൂ നടത്തി റാങ്ക്ലിസ്റ്റ് തയ്യാറാക്കിയതായി, കാണുന്നു.

[redacted] പങ്കെടുക്കുന്നതിന് പലപ്പോഴും ഓരോ [redacted]യ്ക്കും ഓരോ അപേക്ഷകരെ മാത്രമാണ് [redacted]ത്.

4. ഇപ്രകാരം അപേക്ഷകനായ ഏക വ്യക്തിയെ നിലവിലുള്ള ഉത്തരവുകൾക്ക് വിരുദ്ധമായി, സൃഷ്ടിച്ചിട്ടില്ലാത്ത തസ്തികയിലേയ്ക്ക് നിയമിച്ച്, മാനേജർമാർ അപ്രൂവൽ അപേക്ഷകൾ സമർപ്പിക്കുന്നു.

5. പ്രസ്തുത അപ്രൂവൽ പ്രപ്പോസലുകൾ, നിയമാനുസൃതമല്ലാത്തതിനാൽ ബന്ധപ്പെട്ട റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ നിരസിക്കുന്ന സാഹചര്യത്തിൽ അതിനെതിരെ ബഹുമാനപ്പെട്ട കോടതികളെ സമീപിച്ച് സർക്കാരിനെതിരെയും ഡിപ്പാർട്ട്മെന്റിനെതിരെയും നിയമനടപടികൾ സ്വീകരിക്കുന്ന സാഹചര്യം നിലവിലുണ്ട്. ഇതു തസ്തിക സൃഷ്ടിക്കുന്നതിനുള്ള സർക്കാരിന്റെ അവകാശം ചോദ്യം ചെയ്യുന്നതും ദൂരവ്യാപകമായ ഭരണപ്രതിസന്ധി സൃഷ്ടിക്കുന്നതുമായ സാഹചര്യം സംജാതമാക്കുന്നുണ്ട്. മാത്രമല്ല മുൻകാലപ്രാബല്യത്തോടെ നിയമനാംഗീകാരം നൽകുന്നത് സർക്കാരിന് കനത്ത സാമ്പത്തിക ബാദ്ധ്യത സൃഷ്ടിക്കുന്നതുമാണ്. കൂടാതെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ നിർത്തലാക്കിയ 01.04.2013-നു ശേഷം സൃഷ്ടിക്കപ്പെടുന്ന തസ്തികകളിൽ മാത്രം നിയമാനുസൃതം നിയമിക്കപ്പെടേണ്ടവർ ഇപ്രകാരം മുൻകാല പ്രാബല്യം നേടുക വഴി സ്റ്റാറ്റ്യൂട്ടറി പെൻഷൻ പരിധിയിൽ ഉൾപ്പെടുന്ന സാഹചര്യവും ഉണ്ടാകാം.

ഈ സാഹചര്യത്തിൽ എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിലെ നിയമനങ്ങൾ ക്രമപ്പെടുത്തുന്നതിനും സാമൂഹ്യനീതിയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനും വേണ്ടിയാണ് നിലവിലുള്ള സർക്കുലറുകളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ മാത്രം ഡയറക്ടറുടെ അധികാര പരിധിയിൽ നിന്നുകൊണ്ട് പരാമർശത്തിലെ സർക്കുലറുകൾ പുറപ്പെടുവിച്ചത്.

G.O (MS) No. 192/2005/G.Edn dated 23.06.2005 പ്രകാരം 'RDDs have the power, to grant /withdraw/cancel approval to the appointment of teaching and non teaching staff in Aided Higher Secondary Schools in accordance with Rules and Guidelines issued by the Government / Director of Higher Secondary Education. അതായത് എയ്ഡഡ് ഹയർ സെക്കന്ററി സ്കൂൾ നിയമനവുമായി ബന്ധപ്പെട്ട് നിയമാനുസൃത മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് ഹയർസെക്കന്ററി ഡയറക്ടർക്ക് അധികാരം നൽകിയിട്ടുള്ളതാണ് എന്നകാര്യം ദയവായി ശ്രദ്ധിച്ചാലും.

**No. Acd.C1/9000/2013/HSE dated 18.07.2013-** ലെ പരാമർശ വിധേയമായ സർക്കുലറിലെ വ്യവസ്ഥകളെ സംബന്ധിച്ച് താഴെപറയുന്ന കാര്യങ്ങൾ ദയവായി പരിഗണിച്ചാലും.

<u>18.07.2013-ലെ സർക്കുലറിലെ</u>

1. **ഒന്നാമത്തെ വ്യവസ്ഥ** : Acd.B1/15819/HSE /2002 dated 29.07.2004 എന്ന സർക്കുലർ പ്രകാരം നിലവിൽ പ്രാബല്യത്തിലുള്ളതാണ്. എന്നാൽ പല മാനേജർമാരും ഇതു പാലിക്കാറില്ല. (രണ്ടു സർക്കുലറുകളുടെയും പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു).
2. **രണ്ടാമത്തെ വ്യവസ്ഥ** : മേൽ സൂചിപ്പിച്ച 29.07.2004-ലെ സർക്കുലർ പ്രകാരം വേക്കൻസി വിവരത്തിന് വ്യാപകമായ പരസ്യം നൽകേണ്ടതാണ് എന്നും സംസ്ഥാനത്തുടനീളം പ്രചാരമുള്ള ഒരു പത്രത്തിലെങ്കിലും പ്രസിദ്ധപ്പെടുത്തേണ്ടതാണ് എന്നും നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ ഇപ്രകാരം വ്യാപകപരസ്യം നൽകുന്നതായി കാണുന്നില്ല. ആയതിനാൽ കുറഞ്ഞത് സംസ്ഥാനത്തുടനീളം പ്രചാരമുള്ള രണ്ടു പത്രത്തിലെങ്കിലും പരസ്യപ്പെടുത്തേണ്ടതാണ് എന്നും ഗ്രാമപഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് നോട്ടീസ് ബോർഡുകളിൽ പരസ്യം അധികൃതരുടെ അനുവാദത്തോടെ പ്രദർശിപ്പിക്കേണ്ടതാണ് എന്നുമുള്ള മാറ്റം പുതിയ സർക്കുലറിൽ വരുത്തുകയുണ്ടായി.

വേക്കൻസി സംബന്ധമായ അറിയിപ്പിന് വ്യാപകപരസ്യം ലഭിക്കേണ്ടതാണ് എന്ന ഉദ്ദേശ്യത്തിലും സ്കൂൾ ഉൾപ്പെടുന്ന പ്രദേശത്തെ ഉദ്യോഗാർത്ഥികളെ ഒഴിവു വിവരം അറിയിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തിലുമാണ് പ്രസ്തുത മാറ്റം വരുത്തിയിട്ടുള്ളത് എന്ന കാര്യം ദയവായി ശ്രദ്ധിച്ചാലും.

3. **മൂന്നാമത്തെ വ്യവസ്ഥ** : നിലവിൽ പരസ്യം നൽകി അപേക്ഷകൾ സമർപ്പിക്കുന്നതിന് നൽകേണ്ട സമയത്തെക്കുറിച്ച് വ്യവസ്ഥയില്ലാത്തതിനാലാണ് അപേക്ഷ സമർപ്പിക്കുന്നതിന് 15 ദിവസം സമയം നൽകേണ്ടതാണ് എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയത്.
4. **നാലാമത്തെ വ്യവസ്ഥ** : നിലവിൽ തസ്തിക ഒഴിവു സംബന്ധിച്ച് പത്രപരസ്യം നൽകി ഇന്റർവ്യൂ നടത്തുമ്പോൾ ഒരേ ഒരു അപേക്ഷകൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നതാണ് പല സന്ദർഭങ്ങളിലും രേഖകളിൽ കാണാൻ കഴിയുന്നത്. പല മാനേജർമാരും സമർപ്പിക്കുന്ന റാങ്ക് ലിസ്റ്റിൽ ഒരു ഉദ്യോഗാർത്ഥിയെ മാത്രമേ ഉൾപ്പെടുത്താറുമുള്ളൂ.

G.O (P) No. 38/2005/G.Edn dated 04.02.2005 പ്രകാരം ഹയർസെക്കന്ററി അദ്ധ്യാപക തസ്തികയിലേയ്ക്കുള്ള നിയമനത്തെപ്പറ്റി ഇപ്രകാരം പറയുന്നു.

**'Appointments to teaching posts shall be made on the recommendation of a selection committee consisting of the Manager or his nominee (Chairman), Principal of the School and a representative of the Government, selected by a Manager from a panel of officer not below the rank of a Deputy Collector or Officer not below the rank of Deputy Secretary to Government prepared by the Director, Higher Secondary Education for every academic year'.**

ഇപ്രകാരം നിയമപരമായി സെലക്ഷൻ കമ്മിറ്റിയെ നിർദ്ദേശിച്ചിരിക്കുന്നത്. ഒരു തസ്തികയിലേയ്ക്ക് ഒന്നിലധികം അപേക്ഷകൾ ഉണ്ടാകുമെന്നും അത്തരം അപേക്ഷകൾ സുതാര്യമായി പരിഗണിച്ച് നീതിപൂർവ്വമായ തെരഞ്ഞെടുക്കൽ ഉണ്ടാകണമെന്നുമുള്ള ഉദ്ദേശത്തിലാണ് പ്രസ്തുത നിയമത്തിന്റെ അന്തസ്സത്തയ്ക്കനുസരിച്ച് നിയമനപ്രക്രിയകൾ നടത്തുന്നതിനും വേണ്ടിയാണ് നാലാമതായ നിർദ്ദേശം ഉൾപ്പെടുത്തിയത് എന്നറിയിക്കുന്നു. വേണ്ടത്ര യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ അഭാവമല്ല മറിച്ച് അത്തരം അപേക്ഷകരെ പരിഗണിക്കാത്തതു മൂലമോ, അപേക്ഷിക്കാൻ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ തസ്തിക ഒഴിവു വിവരം അറിയാത്തതോ മൂലമോ ആണ് പലപ്പോഴും അപേക്ഷകരുടെ എണ്ണം ഒന്നായി ചുരുങ്ങുന്നത് എന്ന കാര്യം ശ്രദ്ധിച്ചാലും.

5. **അഞ്ചാമത്തെ വ്യവസ്ഥ** : മേൽ പറഞ്ഞ സെലക്ഷൻ കമ്മിറ്റി നടത്തുന്ന ഇന്റർവ്യൂ എപ്രകാരമായിരിക്കണമെന്ന് നിലവിൽ വ്യവസ്ഥ ചെയ്തിട്ടില്ല. അതുകൊണ്ടു തന്നെ പരാതികൾ ഉയരുന്ന ഘട്ടത്തിൽ സെലക്ഷൻ കമ്മിറ്റി എപ്രകാരമാണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കിയത് എന്നത് സംബന്ധിച്ച് വ്യക്തമായ നിഗമനങ്ങളിൽ എത്തിച്ചേരാൻ കഴിയില്ല. നിശ്ചിത മാനദണ്ഡങ്ങളുടെ അഭാവത്തിൽ നടത്തപ്പെടുന്ന സെലക്ഷൻ പ്രക്രിയ ഇതു സംബന്ധമായ മേൽപ്പറഞ്ഞ സ്പെഷ്യൽ റൂൾ വ്യവസ്ഥയുടെ ഉദ്ദേശത്തിന് അനുസൃതമാണ് എന്നു പറയാനാവില്ല. സമാനമായ സാഹചര്യം സർക്കാർ സ്കൂളുകളിലെ ഗസ്റ്റ് അദ്ധ്യാപകരുടെ നിയമനത്തിൽ നിലനിന്നിരുന്നു. ഗസ്റ്റ് അദ്ധ്യാപകരെ മാനദണ്ഡങ്ങൾ പാലിക്കാതെ നിയമിക്കുന്നു എന്ന വ്യാപക പരാതിയെയും കോടതി വ്യവഹാരങ്ങളെയും തുടർന്ന് ഗസ്റ്റ് അദ്ധ്യാപകരുടെ നിയമനത്തിൽ വിദ്യാഭ്യാസ യോഗ്യത, മറ്റ് യോഗ്യതകൾ, ഇന്റർവ്യൂ എന്നിവയ്ക്ക് നൽകേണ്ട വെയിറ്റേജ് സംബന്ധമായി Acd.B5/7225/2000/HSE dated 30.07.2004 തീയതീയായി സർക്കുലർ പുറപ്പെടുവിക്കുകയുണ്ടായിട്ടുണ്ട്.

നിലവിലുള്ള സർക്കാർ ഉത്തരവുകളായ G.O (Rt) No. 192/2011/G.Edn dated 14.09.2011, G.O (Ms) No. 221/2011/G.Edn dated 31.10.2011 എന്നീ ഉത്തരവുകളെ അടിസ്ഥാനമാക്കിയാണ് ഇന്റർവ്യൂ ബോർഡിൽ പങ്കെടുക്കുന്ന സർക്കാർ നോമിനിയുടെ ഉത്തവാദിത്ത്വങ്ങൾ നിഷ്കർഷിക്കുന്ന Acd.C1/9000/13/HSE dated 19.07.2013 എന്ന സർക്കുലർ നൽകിയിട്ടുള്ളത് എന്ന കാര്യവും ദയവായി ശ്രദ്ധിച്ചാലും. (പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു).

ഈ സാഹചര്യത്തിൽ എയിഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലെ നിയമന പ്രക്രിയ സുതാര്യമാക്കുന്നതിനും ക്രമപ്പെടുത്തുന്നതിനും സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനും വേണ്ടി നിലവിലുള്ള സർക്കുലറുകളും സർക്കാർ ഉത്തരവുകളും അടിസ്ഥാനമാക്കി തികച്ചും നിയമപരമായാണ് പരാമർശ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുള്ളത് എന്ന് വിനയപൂർവ്വം അറിയിക്കുന്നു. മാത്രവുമല്ല എയ്ഡഡ് ഹയർസെക്കന്ററി സ്കൂൾ നിയമനങ്ങളിൽ മാനേജർമാർക്കുള്ള നിയമാനുസൃത അധികാരാവകാശങ്ങൾ യാതൊന്നും തന്നെ പ്രസ്തുത സർക്കുലറുകൾ ഹനിക്കുന്നില്ല എന്നതും ദയവായി ശ്രദ്ധിച്ചാലും.

2011-12 കാലയളവിൽ അനുവദിച്ച 550 ബാച്ചുകളിലെ 369 എയ്ഡഡ് ബാച്ചുകളിലെ പോസ്റ്റ് ക്രിയേഷൻ ഉത്തരവ് 15.07.2013 തീയതിയായി സർക്കാർ പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത തസ്തികകളിലേയ്ക്കുള്ള നിയമനം, നേടിയ അദ്ധ്യാപകർ ഇപ്പോൾ പുറപ്പെടുവിച്ച സർക്കുലർ പ്രകാരം നിയമനപ്രക്രിയയിലൂടെ കടന്നുപോകണമെന്നും അത് അന്യായമാണ് എന്നും വാദങ്ങൾ ഉയരുന്നുണ്ട്. എന്നാൽ മേൽ ബാച്ചുകളിൽ സർക്കാർ തസ്തിക സൃഷ്ടിച്ച് ഉത്തരവാകുന്നതുവരെ ഗസ്റ്റ് അദ്ധ്യാപകരെ മാത്രമേ നിയമിക്കാൻ പാടുള്ളൂ എന്ന വ്യവസ്ഥ ചെയ്തിരുന്ന **G.O (Rt) No. 680/2012/G.Edn dated 10.02.2012** പ്രകാരവും തസ്തിക സൃഷ്ടിച്ച് സ്റ്റാഫ് ഫിക്സേഷൻ നടപടികൾ പൂർത്തിയാക്കിയതിനു ശേഷമേ സ്ഥിരനിയമന പ്രക്രിയകൾ ആരംഭിക്കാൻ പാടുള്ളൂ എന്ന 29.07.2004 ലെ **Acd.B1/15819/HSE/2002** സർക്കുലർ പ്രകാരവും മേൽ വാദഗതികൾ നിലനിൽക്കുന്നതല്ല എന്ന കാര്യവും ചൂണ്ടിക്കാണിച്ചു കൊള്ളുന്നു. ആയതിനാൽ പ്രസ്തുത തസ്തികകൾ സൃഷ്ടിച്ച് സർക്കാർ ഉത്തരവായ 15.07.2013 തീയതിക്കു ശേഷം മാത്രമേ സ്ഥിരനിയമന നടപടികൾ നടത്തുവാൻ നിയമപരമായി കഴിയൂ എന്ന വസ്തുത ദയവായി ശ്രദ്ധിച്ചാലും.

എയ്ഡഡ് ഹയർസെക്കന്ററി സ്കൂൾ നിയമനത്തിന്റെ കാര്യത്തിലും അപ്രകാരം ഒരു വ്യവസ്ഥ ഉണ്ടാകുന്നത് നിയമന പ്രക്രിയ സുതാര്യവും നീതിപൂർവ്വകമാക്കുന്നതിന് സഹായകമാകുമെന്നതിനാലും കൂടുതൽ യോഗ്യതയുള്ളവർ അദ്ധ്യാപകരായി തെരഞ്ഞെടുക്കപ്പെടും എന്നതിന്റെ അടിസ്ഥാനത്തിലും മേൽപ്പറഞ്ഞ സർക്കുലറിലെ വ്യവസ്ഥകളെ പുതിയ സർക്കുലറിൽ ഉൾപ്പെടുത്തുകയാണുണ്ടായത്.

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ AIR 1981 SC487 കേസ് വിധി പ്രകാരം ഒരു സെലക്ഷൻ പ്രക്രിയയിൽ ഓറൽ ഇന്റർവ്യൂവിന് നൽകാവുന്ന പരമാവധി മാർക്ക് മൊത്തം മാർക്കിന്റെ 15% ആയി നിജപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിട്ടുള്ള കാര്യവും ശ്രദ്ധിച്ചാലും. **"Allocation of as high percentage as 33 1/2 of total marks for oral interview should be regarded as infecting the admission procedure with the vice of arbitrariness and selection of candidate made on the basis of such admission procedure cannot be sustained. Under the existing circumstances allocation of more than 15 % of the total marks for the oral interview would arbitrary and unreasonable and would be liable to be struck down as constitutionally invalid".**

ഏതൊരു സെലക്ഷൻ പ്രക്രിയയിലും നിയമനത്തിനുവേണ്ടി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് ഉദ്യോഗാർത്ഥികൾക്ക് പരിശോധിക്കാനാവും വിധം പ്രസിദ്ധീകരിക്കേണ്ടതാണ് എന്ന വ്യവസ്ഥ സ്വാഭാവിക നീതി മാത്രമാണ് എന്നും ചൂണ്ടിക്കാണിക്കുന്നു.

6. **ആറാമത്തെ വ്യവസ്ഥ** : പ്രസിദ്ധീകരിക്കുന്ന റാങ്ക്ലിസ്റ്റ് അടിസ്ഥാനത്തിൽ റാങ്ക് ക്രമത്തിൽ നിയമനം നടത്തുക എന്നത് നിലവിലുള്ള നിയമം മാത്രമാണ്.

7. **ഏഴ്, ഒൻപത് വ്യവസ്ഥകൾ** : ഏഴാമതായും ഒൻപതാമതായും ഉൾപ്പെടുത്തിയിരിക്കുന്നത് G.O (P) No. 331/01/G.Edn dated 09.11.2001 ഈ വകുപ്പ് അദ്ധ്യാപക നിയമനത്തെ സംബന്ധിച്ച് സ്പെഷ്യൽ റൂൾ (KER-ൽ ഉൾപ്പെടുത്തിയത്) പ്രകാരമുള്ള നിബന്ധനകളുടെ വിശദീകരണം മാത്രമാണ്.

8. **എട്ട്, പത്ത് വ്യവസ്ഥകൾ** : അപ്രൂവൽ സംബന്ധമായ രേഖകൾ സമർപ്പിക്കുന്നതിനെ സംബന്ധിച്ചും പരാതികൾ സമർപ്പിക്കുന്നതിനെ കുറിച്ചും നിലവിലുള്ള വ്യവസ്ഥകൾക്ക് വ്യക്തത വരുത്തി നൽകിയിട്ടുള്ളതാണ്.

മേൽ വിശദീകരണങ്ങൾ സർക്കാരിന്റെ അറിവിലേയ്ക്കും തുടർ നിർദ്ദേശങ്ങൾക്കുമായി സമർപ്പിക്കുന്നു.

ഡയറക്ടർ